**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3879** **27-10-2021 - ൽ മറുപടിയ്ക്ക്**

**കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ സേവനം സംസ്ഥാനത്തെ എത്ര ആശുപത്രികളിലാണ് ലഭ്യമായിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) | നിലവിൽ കേരളത്തിലെ 193 സർക്കാർ ആശുപത്രികളിലും 574 സ്വകാര്യ ആശുപത്രിക ളിൽ നിന്നും കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിലൂടെ സൗജന്യ ചികിത്സ ലഭ്യമാണ്. |
| (ബി) | കണ്ണൂർ ജില്ലയിലെ ഏതൊക്കെ ആശുപത്രികളിലാണ് ഇതിന്റെ സേവനം ലഭിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | കണ്ണൂർ ജില്ലയിൽ കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭ്യമാകുന്ന സർക്കാർ സ്വകാര്യ ആശുപത്രികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിലൂടെ ഒരു രോഗിക്ക് എത്ര രൂപയുടെ ചികിത്സാ സഹായമാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിലൂടെ ഒരു കുടുംബത്തിന് പ്രതിവർഷം 5 ലക്ഷം രൂപയുടെ വരെ സൗജന്യ ചികിത്സ ലഭ്യമാണ്. |
| (ഡി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടാത്ത നിർദ്ധനരായ രോഗികൾക്ക് ആരോഗ്യകാർഡ് ഇല്ല എന്ന കാരണത്താൽ സൗജന്യ ചികിത്സ നിഷേധിക്കപ്പെടുന്നത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ഡി) | കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടാത്തതും 3 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള എല്ലാവർക്കും APL , BPL വ്യത്യാസമില്ലാതെ ഒറ്റതവണത്തേക്ക് 2 ലക്ഷം രൂപയുടെ സൗജന്യ ചികിത്സ കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ ലഭ്യമാകു ന്നതാണ്. സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ എംപാനൽ ചെയ്തിട്ടുള്ള എല്ലാ ആശുപത്രികളിൽ നിന്നും കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയുടെ സേവനവും ലഭ്യമാകുന്നതാണ്. കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുന്നതിനായി എംപാനൽ ചെയ്ത ആശുപത്രികളിലെ KASP കിയോസ്ക് അല്ലെങ്കിൽ കൗണ്ടർ - മായി ബന്ധപ്പെട്ടാൽ മതിയാകുന്നതാണ്. റേഷൻ കാർഡിന്റെ പകർപ്പും അസ്സലും കൗണ്ടറിൽ സമർപ്പിക്കുന്ന മുറക്ക് KBF കാർഡ് ലഭ്യമാകുന്നതാണ്. ഈ കാർഡ് ഉപയോഗിച്ച് സൗജന്യ ചികിത്സ ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ